LIBRARY ARCHIVES Kerala Legislative Assembly

## ഖാദിവസ്ത്രങ്ങളുടെ വില്പന വർദ്ധിപ്പിക്കാൻ നടപടി

**196 (5086)** ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വസ്ത്രങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകിയിരുന്ന റിബേറ്റ് പിൻവലിച്ചത് പുനഃസ്ഥാപിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) റിബേറ്റ് പിൻവലിച്ചത് ഖാദിവസ്ത്ര വില്പനയെ എപ്രകാരമാണ് ബാധിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പ്രതിസന്ധി മറികടക്കുന്നതിന് ഖാദി ബോർഡ് എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും എന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഇല്ല.

(ബി) ഖാദിയുടെ വില്പനയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ ഇപ്പോൾ നൽകിവരുന്ന 10% റിബേറ്റിന് പുറമെ ഉത്സവകാലങ്ങളിൽ 10% സ്പെഷ്യൽ റിബേറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസിസ്റ്റൻസ് (MDA) വിഹിതത്തിൽ വക കൊള്ളിച്ചുകൊണ്ട് ബോർഡിന്റെ വകയായി 10% സ്പെഷ്യൽ റിബേറ്റും നൽകുന്നതിനുള്ള നടപടി ഖാദി ബോർഡ് സ്വീകരിച്ചുവരുന്നു. നിലവിലുള്ള സംസ്ഥാന സർക്കാരിന്റെ 10% സാധാരണ റിബേറ്റ് ഉൾപ്പെടെ ഉത്സവകാലങ്ങളിൽ ഉപഭോക്താക്കൾക്ക് 30% വരെ റിബേറ്റ് ലഭിക്കുന്നതാണ്.

## ഖാദി വസ്ത്രങ്ങൾക്ക് കേന്ദ്രഗവൺമെന്റിൽനിന്നും റിബേറ്റ് ലഭ്യമാക്കാൻ നടപടി

**197 (5087)** ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വസ്ത്രങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ റിബേറ്റ് നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനമാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഖാദി വസ്ത്രങ്ങൾക്ക് റിബേറ്റ് ലഭ്യമാക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ ;

(സി) ഖാദി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ഖാദി ബോർഡും സർക്കാരും എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-4-2010 മുതൽ കേന്ദ്ര സർക്കാർ റിബേറ്റ് നിർത്തി.

(ബി) ഖാദിവസ്ത്രങ്ങൾക്ക് റിബേറ്റ് ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിൽ പല നിവേദനങ്ങളും സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ എം.പി. മാർ മുഖേനയും സമ്മർദ്ദം ചെലുത്തുന്നുണ്ട്.

(സി) ഖാദിമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു.

വർഷം മുഴുവൻ ഖാദിതുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 10% റിബേറ്റ് അനുവദിച്ചു. റിബേറ്റ് കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തു. 2006-07 വർഷം 430 ലക്ഷം രൂപയും 2007-08 വർഷം 404.75 ലക്ഷം രൂപയും 2008-09-ൽ 500 ലക്ഷം രൂപയും 2009-10-ൽ 550 ലക്ഷം രൂപയും അനുവദിച്ചു. 2010-11-ൽ 550 ലക്ഷം രൂപയും റിബേറ്റിനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതു മൂലം ഖാദിമേഖലയ്ക്ക് പുത്തൻ ഉണർവ് ഉണ്ടായിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ വേതനം 2007 മുതൽ 25% വും 2009 മുതൽ 50% വും വർദ്ധിപ്പിച്ചു മിനിമം വേതനം നടപ്പിലാക്കിക്കൊണ്ട് ഉത്തരവായി. ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഉൽപ്പാദന ഇൻസെന്റീവ് നൂൽപ്പിന് 2007 മുതൽ 10 പൈസയിൽ നിന്ന് 20 പൈസയായും 2009 മുതൽ 20 പൈസയിൽനിന്ന് 30 പൈസയായും നെയ്ത്തിന് യഥാക്രമം 40 പൈസയിൽനിന്ന് 55 പൈസയായും 55 പൈസയിൽ നിന്ന് 90 പൈസയായും വർദ്ധിപ്പിച്ചു. മുടക്കം കൂടാതെ ഖാദിതൊഴിലാളികൾക്ക് ഏറ്റുക്കുടുക്ക സ്സൈവർ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി.

ഖാദി തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് സർക്കാർ വിഹിതമായ രണ്ടുകോടി രൂപ അനുവദിച്ച് നൽകി.

സംസ്ഥാനത്തെ മുഴുവൻ ഖാദി തൊഴിലാളികൾക്കും ഇതാദ്യമായി 250 രൂപ വീതം ഓണക്കാലത്ത് ഉത്സവബത്ത നൽകുകയും പിന്നീട് ഈ തുക വർദ്ധിപ്പിച്ച് 350 രൂപയാക്കുകയും ചെയ്തു.

ഖാദി സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും 2008-09 വർഷം 20 ലക്ഷംരൂപയും 2009-10 വർഷം 20 ലക്ഷം രൂപയും അനുവദിച്ചു. ഇതിലൂടെ 19 ഖാദി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റായി 2007-08 വർഷം 50 ലക്ഷം രൂപയും 2008-09 വർഷം 25 ലക്ഷം രൂപയും 2009-10 വർഷം 25 ലക്ഷം രൂപയും അനുവദിച്ചു. ഇതുമൂലം 24 ഖാദി സ്ഥാപനങ്ങൾ പുനരുദ്ധരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഖാദി കമ്മീഷന്റെ സാമ്പത്തിക സഹായത്തോടെ തിരുവനന്തപുരം, കൊല്ലം ജില്ലകൾക്ക് പ്രത്യേകം ഖാദി ക്ലസ്റ്റർ നടപ്പിലാക്കി. അതുപോലെ കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി അധിക കേന്ദ്രസഹായ ഫണ്ട് (ACA) ഇനത്തിൽ അനുവദിച്ച രണ്ടുകോടി രൂപ ഉപയോഗിച്ച് പയ്യന്നൂർ ഖാദി ക്ലസ്റ്റർ ആരംഭിച്ചു.

പയ്യന്നൂർ ഖാദി ഗ്രാമ സൗഭാഗ്യ വിപുലീകരിച്ച് പ്രവർത്തനം ആരംഭിച്ചു. പദ്ധതിയുടെ ഭാഗമായി 400 ചർക്കകൾ, 1200 മേശ-സ്റ്റൂൾ, 55 തറികൾ എന്നിവ വിവിധ യൂണിറ്റുകളിൽ വിതരണം ചെയ്തു. പുതുതായി കാരിമൂലയിൽ ഒരു നൂൽപ്പ് കേന്ദ്രവും കണ്ണാടിപ്പറമ്പിൽ നെയ്ത്തുകേന്ദ്രവും പ്രവർത്തനം ആരംഭിച്ചു. നെല്ലൂന്നിയിൽ റെഡിമെയ്ഡ് പാവ് നിർമ്മാണ കേന്ദ്രം ആരംഭിച്ചു. 20 യൂണിറ്റുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായി. മാതമംഗലം കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി പൂർത്തിയായിവരുന്നു. സിൽക്ക് നെയ്ത്ത് കേന്ദ്രത്തിന്റെ പഴയകെട്ടിടം പൊളിച്ചുനീക്കി പുതിയ കെട്ടിടം പണി ആരംഭിച്ചു. പുതുതായി വരുന്ന തൊഴിലാളികൾക്ക് പരിശീലനം നൽകി ത്തുടങ്ങി. ഇതിലൂടെ പുതുതായി 500 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു.

ആദ്യമായി ഖാദി കൈത്തൊഴിൽകാർക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിന് 2009-10 വർഷം 20 ലക്ഷം രൂപ അനുവദിച്ചു. നിലത്തിരുന്ന് ചർക്ക പ്രവർത്തിപ്പിക്കുന്ന സ്ഥാനത്ത് തൊഴിലാളികൾക്ക് മേശയും സ്റ്റൂളും ഏർപ്പെടുത്തി. ഇതിലൂടെ 2009-10-ൽ 400 ഖാദി കൈത്തൊഴിൽകാർക്ക് മേശയും സ്റ്റൂളും നൽകുകയുണ്ടായി. 2010-11 വർഷം ഇതിലേയ്ക്കായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഖാദി വില്പനകേന്ദ്രങ്ങളും ഗോഡൗണുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി 2007-08 വർഷം 20 ലക്ഷം രൂപയും 2008-09-ൽ 50 ലക്ഷം രൂപയും 2009-10-ൽ 50 ലക്ഷം രൂപയും അനുവദിച്ചു. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഇതിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-11 വർഷം ഇതിനായി 68 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ഖാദി വില്പന ലക്ഷ്യമാക്കി എറണാകുളം ജില്ലയിൽ നെടുമ്പാശ്ശേരി എയർപോർട്ടിൽ ഖാദി സൗഭാഗ്യ ഷോറൂം ആരംഭിക്കുന്നതിനായി 2010-11 വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മുഴുവൻ കേരളീയരും വാരാന്ത്യങ്ങളിലെങ്കിലും ഖാദി/കൈത്തറി വസ്ത്രം ധരിക്കണമെന്നും വിദ്യാർത്ഥികളുടെ സ്കൂൾ യൂണിഫോമുകൾ ഖാദി/കൈത്തറിയാക്കണമെന്നുമുള്ള സർക്കാർ അഭ്യർത്ഥനയുടെ ഫലമായി ഖാദി വിൽപ്പനയിൽ 20% വർദ്ധനവുണ്ടായി. ഇതുവഴി ഖാദി മേഖലയിൽ ഉൽപ്പാദനം വർദ്ധിക്കുകയും പുത്തൻ ഉണർവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിലൂടെ ഖാദിഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുണ്ട്. ഇത് പരമ്പരാഗത ഖാദി നെയ്ത്തു തൊഴിലാളികളുടെ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വളരെയധികം സഹായകരമാണ്.

പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി പഴയ മോഡൽ ചർക്കകളും തറികളും മാറ്റി സ്ഥാപിച്ചു.

തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി നെയ്ത്ത് മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "റെഡിമെയ്ഡ് പാവ് " നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു.

ഖാദി വസ്ത്രങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് നല്ലതരം Rovings/sliver വിതരണം ചെയ്യുന്നുണ്ട്.

പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സിൽക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി 105.75 ലക്ഷം രൂപ 2009-10 വർഷം അനുവദിച്ചു (SCP Pooled fund).

**വടകരയിൽ കൈത്തറി ഡിസൈൻ കേന്ദ്രം തുടങ്ങുന്നതിന് നടപടി**

**198 (5088)** ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര കേന്ദ്രീകരിച്ച് വ്യവസായ വകുപ്പിൻ കീഴിൽ ഒരു കൈത്തറി ഡിസൈൻ കേന്ദ്രം തുടങ്ങുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ;

(ബി) വടകരയിലും പരിസരത്തുമുള്ള കൈത്തറി സഹകരണ സംഘങ്ങളുടെ സഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കണ്ണൂരിൽ ഒരു ഡിസൈൻ സ്റ്റുഡിയോ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കണ്ണൂരിലെ വീവേഴ്സ് സർവ്വീസ് സെന്ററിൽ നിന്നും ഡിസൈൻ സംബന്ധിച്ച സേവനം ലഭ്യമാണ്. ഈ രണ്ടു സ്ഥാപനങ്ങളുടേയും സേവനം ഇപ്പോഴും പൂർണ്ണമായി ഉപയോഗപ്പെടുത്താത്ത സാഹചര്യത്തിൽ വടകര കേന്ദ്രീകരിച്ച് കൈത്തറിക്ക് ഒരു പുതിയ ഡിസൈൻ കേന്ദ്രം തുടങ്ങേണ്ട ആവശ്യകത കാണുന്നില്ല.

**പാലക്കാട് ജില്ലയിലെ കൈത്തറി സഹകരണ സംഘങ്ങൾ**

**199 (5089)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) . കൈത്തറി മേഖലയുടെ വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) പാലക്കാട് ജില്ലയിൽ എത്ര കൈത്തറി സഹകരണസംഘങ്ങൾ ഉണ്ട് ; അവയിൽ പ്രവർത്തനക്ഷമമായത് എത്ര ; അവ ഏതെല്ലാം ;



LIBRARY ARCHIVES Kerala Legislative Assembly